(ii) അടിയന്തിര ചോദ്യം

നൈജീരിയായിൽ നിന്നും പിരിച്ചുവിടപ്പെടുന്ന മലയാളി അദ്ധ്യാപകർ

341. [1] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെൻറ്, സ്വകാര്യ കോളേജുകളിലും സ്കൂളുകളിലും നിന്ന് അവധിയെടുത്ത് നൈജീരിയായിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ നിർബന്ധിതമായി പിരിച്ചുവിടുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നിർബന്ധിതമായി ജോലി അവസാനിപ്പിച്ച് മടങ്ങുന്നവർക്ക് ഇവിടെ ജോലിക്ക് പ്രവേശിക്കാൻ കഴിയുന്നില്ലായെന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ പരാതി പരിഹരിക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം, ജേക്കബ്)

(എ) രേഖാമൂലം അല്ല. പക്ഷെ ലീവെടുത്ത് നൈജീരിയായിൽ ജോലിക്ക് പോയവർ പലരും ലീവിന്റെ കാലാവധി അവസാനിപ്പിക്കുന്നതിനു മുമ്പ് തിരിച്ചു പോയിട്ടുണ്ട്. ഗവൺമെൻറ് കോളേജുകളിൽ അപ്രകാരം ലീവ് ക്യാൻസൽ ചെയ്തു തിരികെ ജോലിയിൽ പ്രവേശിക്കാൻ അപേക്ഷിച്ചവർക്കൊക്കെ പുനർ നിയമനം നൽകിക്കഴിഞ്ഞു.

(ബി) സ്വകാര്യ കോളേജുകളിൽ ഇതിനു അനുമതി നൽകേണ്ടത് അതതു മാനേജുമെൻറുകളാണ്. കെ.എസ്. ആർ. വ്യവസ്ഥകൾ പ്രകാരം ലീവിൽ പോകുന്ന ഒരാൾക്ക് മാനേജുമെൻറിന്റെ അനുമതിയുണ്ടെങ്കിൽ മാത്രമേ ലീവിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് തിരികെ ജോലിയിൽ പ്രവേശിക്കാനാവൂ. മാനേജ്മെൻറുകളെ ഇക്കാര്യത്തിൽ നിർബന്ധിക്കുവാൻ കഴിയുകയില്ല.

(സി) പെരിങ്ങമ്മല ഇക്ബാൽ കോളേജിലെ സുവോളജി അദ്ധ്യാപകൻ ശ്രീ. അബ്ദുൽ റഷീദ് 10 വർഷത്തെ അവധി കഴിഞ്ഞു വന്നപ്പോൾ പുനർ നിയമനം നൽകിയില്ലായെന്ന പരാതി കിട്ടിയത് ഇക്കാര്യത്തിൽ തീർപ്പ് കൽപ്പിക്കേണ്ട യൂണിവേഴ്സിറ്റി അപ്പപ്പോൾ ട്രൈബ്യൂണലിനു അയച്ചു കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : ബഹുമാനപ്പെട്ട മന്ത്രി സ്കൂളുകളിലെ അദ്ധ്യാപകരുടെ കാര്യമൊന്നും പറഞ്ഞില്ല. കോളേജുകളിലെ അദ്ധ്യാപകരുടെ കാര്യങ്ങളാ പറഞ്ഞത്. മറ്റൊന്ന്, ഇൻഡ്യാ ഗവൺമെൻറിന്റെ വിദേശകാര്യവകുപ്പിന്റെ അനുമതിയോടുകൂടി അവർ നടത്തുന്ന ഇൻറർവ്യൂവിൽ പങ്കെടുക്കുന്ന, നൈജീരിയാ, സാമ്പിയാ ഗവൺമെൻറുകളാ ആദ്യം ഉന്നയിക്കുന്ന വ്യവസ്ഥകൾ പിന്നീട് പിന്നോക്കം പോകുന്നതായി ഗവൺമെൻറിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ ഈ കാര്യം ശ്രദ്ധയിൽപ്പെടുത്താമോ ?

ശ്രീ. ടി.എം. ജേക്കബ് : അങ്ങനെ ചില ആക്ഷേപങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനകത്ത് സംസ്ഥാന ഗവൺമെൻറിനു പ്രത്യേകമായി നടപടി സ്വീകരിക്കാൻ കഴിയുകയില്ല. ഫോറിൻ അസൈൻമെൻറ് വഴി കിട്ടിപ്പോകുന്ന ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളെ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടേഷൻ അനുവദിച്ചാണ് അയയ്ക്കാറുള്ളത്. എന്നാലും പൊതുവായ പ്രശ്നം ഉയർന്നു വന്നിരിക്കുന്ന ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

ശ്രീ. എ. സി. ജോസ് : സർ, ഇവിടെ ആദ്യ കലാഘട്ടത്തിൽ അദ്ധ്യാപകരുടെ ഫണ്ണിംഗ്സിന്റെ 50 ശതമാനവും ഇപ്പോൾ അത് മാറി 25 ശതമാനവും മാത്രമാണ് വീട്ടിലയയ്ക്കാൻ സാധിക്കുന്നത്. ആ പണം പോലും ഇന്ന് അയയ്ക്കാൻ സാധിക്കുന്നില്ല. വളരെ കഷ്ടപ്പെട്ട് ഇങ്ങനെയുള്ള സഹോദരരാജ്യങ്ങളിൽപോയി ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് അവരുടെ ഫണ്ണിംഗ് സിന്റെ തുച്ഛമായ ശതമാനം പോലും വീട്ടിലയയ്ക്കാൻ സാധിക്കുന്നില്ലായെന്നുള്ള നൈജീരിയാ-സാമ്പിയ ഗവൺമെന്റുകളുടെ കർശനമായ നിലപാടിന്റെ കാര്യം ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അവരുടെ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ശ്രീ. ടി.എം. ജേക്കബ് : അവരെ ചില വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സെലക്ട് ചെയ്യുന്നത്. അതാതു കാലങ്ങളിൽ അതാത് ഗവൺമെന്റുകൾ ഏർപ്പെടുത്തുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടുവേണം അവർ പ്രവർത്തിക്കാനുള്ളത്. അക്കാര്യത്തിൽ പ്രത്യേകമായി ഇൻഡ്യാ ഗവൺമെന്റിനു നടപടിയെടുക്കാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, യൂണിവേഴ്സിറ്റി നിയമത്തിലും അതുപോലെതന്നെ നമ്മുടെ വിദ്യാഭ്യാസ നിയമത്തിലും എല്ലാം ഗവൺമെന്റ് കാലാകാലങ്ങളിൽ കൊടുത്തിട്ടുള്ള ഡയറക്ഷൻ മുൻനിറുത്തി മാനേജുമെന്റ് നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമാണ്. ആ നിലയ്ക്ക് ഗവൺമെന്റ് റിട്ടൺ ഡയറക്ഷൻ കൊടുത്താൽ മാനേജുമെന്റുകൾ ഇതു നടപ്പിലാക്കിയില്ലായെന്നാണോ വിദ്യാഭ്യാസ മന്ത്രി ഉദ്ദേശിക്കുന്നത് ?

ശ്രീ. ടി. എം. ജേക്കബ് : സർ, 1983-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം പത്തു വർഷം വരെ ലീവ് വിത്ഔട്ട് അലവൻസിൽ വിദേശ രാജ്യങ്ങളിൽ ജോലിക്ക് പോകാം. ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ എന്നെനിക്കറിയില്ല., കെ. എസ്. ആർ. ൽ ഇതിന് പ്രത്യേകമായി വ്യവസ്ഥയുണ്ട്. കെ. എസ്. ആർ. ൽ പറയുന്നത്, ലീവനുവദിക്കുന്ന അതോറിട്ടി, പ്രൈവറ്റ് സ്കൂളുകളെ സംബന്ധിച്ചും കോളേജുകളെ സംബന്ധിച്ചും നിശ്ചയിക്കുന്നത് മാനേജുമെന്റാണ്. അതുകൊണ്ട് അവർ ലീവ് തീരുന്നതിനുമുമ്പ് തിരികെ വന്നാൽ അവരെ പ്രവേശിപ്പിക്കാനുള്ള ഉത്തരവാദിത്വം മാനേജുമെന്റിനു തന്നെയാണ്. ഇതൊരു പൊതുവായ പ്രശ്നമായി ഉയർന്നുവന്നിരിക്കുന്നതുകൊണ്ട് അവർക്ക് നിർദ്ദേശം കൊടുക്കാം. പക്ഷെ അവരെ നിർബന്ധിക്കാൻ നിയമപ്രകാരം നമുക്ക് വ്യവസ്ഥയില്ല.

ശ്രീ. രമേശ് ചെന്നിത്തല : സർ, വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ അവർ വിദേശത്ത് ചെലവഴിക്കുന്ന കാലഘട്ടം അവരുടെ നോൺ കേഡർ പ്രമോഷനും, ഹയർ ഗ്രേഡ് പ്രൊമോഷനും വേണ്ടി, അതു കൂടി കൗണ്ട് ചെയ്തു കൊണ്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, 1980-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇതിനകം വിദേശ രാജ്യങ്ങളിൽ ജോലി തേടി പോകുന്നവർക്ക് മറ്റാനുകൂല്യങ്ങളും ഒന്നും നൽകാറില്ല. പത്തു വർഷത്തേക്ക് അവർക്ക് പോകാം. അവരുടെ ഇൻക്രിമെന്റ് അല്ലെങ്കിൽ മറ്റു സൗകര്യങ്ങളൊന്നും നമ്മൾ അനുവദിച്ചു കൊടുക്കാറില്ല. ഫോറിൻ അസൈൻമെന്റ് വഴി നിയമനം കിട്ടി പോകുന്ന ആളുകൾക്ക് ഡപ്യൂട്ടേഷൻ അനുവദിക്കാറുണ്ട്. ഡെപ്യൂട്ടേഷൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുന്ന ആളുകൾക്ക് ഇൻക്രിമെന്റും മറ്റാനുകൂല്യങ്ങളും നൽകാറുണ്ട് :

ശ്രീ. ഇ. പത്മരാജൻ : സർ, വിദേശത്തുപോയി ജോലിചെയ്യുന്നതിന് വേണ്ടിയുള്ള ലീവിന് അപേക്ഷിക്കുമ്പോൾ പ്രത്യേക ആവശ്യത്തിനു വേണ്ടി അവിടെ നിന്നും ജോലി അവസാനിപ്പിച്ച് വരുന്ന ആളുകൾക്ക്, കെ.എസ്.ആർ. അനുസരിച്ച് 15 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകിയാൽ ലീവ് ക്യാൻസൽ ചെയ്ത് ജോയിൻ ചെയ്യാൻ സാധിക്കും. വിദേശത്തു പോകുന്നതിന് ദീർഘകാല ലീവ് സാംഗ്ഷൻ ചെയ്യുന്നത് യഥാർത്ഥത്തിൽ ഗവൺമെന്റാണ്. അതുകൊണ്ട് അവർ 15 ദിവസം മുൻകൂട്ടി നോട്ടീസ് തന്നാൽ നിലവിലുള്ള നിയമപ്രകാരം അവരെ തിരിച്ച് സർവ്വീസിൽ പ്രവേശിപ്പിക്കാനുള്ള സാദ്ധ്യത നടപ്പാക്കാൻ എന്തെങ്കിലും നടപടിയെടുക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, റൂം 72 പാർട്ട് I, കെ.എസ്. ആറിൽ പറയുന്നത് ഇതാണ്.

An Officer on leave may not return to duty before the expiry period of leave granted to him, unless he is permitted to do so by the authority which granted him leave.

ഇതനുസരിച്ചാണ് നടപടിയെടുക്കേണ്ടത്. പക്ഷെ ഇതൊരു പൊതുവായ പ്രശ്നമായിട്ട് ഉയർന്നു വന്നിരിക്കുന്നു. നൈജീരിയയിലും സാമ്പിയായിലും മറ്റു രാജ്യങ്ങളിലുമിരിക്കുന്ന ആളുകൾ അവരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുകൊണ്ട് മടങ്ങി വരുന്നുണ്ട്. അതുകൊണ്ട് അവരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നുള്ളത് പൊതുവായ നിർദ്ദേശമായി കണക്കാക്കണം.

(iii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വാമനപുരം പദ്ധതിയുടെ പ്രവർത്തനം

* 342. [401] ഡോ: എ. സുബ്ബറാവു :
ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം പദ്ധതിയുടെ പ്രവർത്തനം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം തന്നെ ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുമോ ?

ജലസേചനവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) :

(എ യും ബി യും) വാമനപുരം ജലസേചനപദ്ധതിക്കുവേണ്ടിഅണക്കെട്ട് നിർമ്മിക്കാനുദ്ദേശിച്ചിട്ടുള്ള സ്ഥലത്തെ ബോറിഗ്സ്, കനാലുകൾക്കുള്ള സർവേ രൂപകൽപ്പന ഇൻവെസ്റ്റിഗേഷൻ എന്നിങ്ങനെ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവ ഈ വർഷവും തുടർന്നു

LIBRARY ARCHIVES Kerala Legislative Assembly